സഹകരണ വകുപ്പിന്റെ കീഴിലെ പ്രൊഫഷണൽ കോളേജുകളിലെ ഫീസ്-സീറ്റ് ഘടന

33 (998) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ കീഴിൽ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളിലെ ഫീസ് ഘടന എങ്ങനെയാണെന്ന് വ്യക്തമാക്കുമോ :

(സി) ഈ സ്ഥാപനങ്ങളിലെ സീറ്റ് ഘടന എങ്ങനെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ 133 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	7
കൊല്ലം	-	4
പത്തനംതിട്ട	-	4
കോട്ടയം	-	5
ആലപ്പുഴ	-	6
ഇടുക്കി	-	3
എറണാകുളം	-	8
തൃശ്ശൂർ	-	9
പാലക്കാട്	-	11
മലപ്പുറം	-	28
കോഴിക്കോട്	-	11
വയനാട്	-	7
കണ്ണൂർ	-	23
കാസർഗോഡ്	-	7
ആകെ		133

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത സ്ഥാപനങ്ങളുടെ പേരു വിവരം ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ഓരോ കോഴ്സിനും നിലവിലുള്ള ഫീസ് നിരക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ സീറ്റ് ഘടന അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

വില നിലവാരം നിയന്ത്രിക്കുന്നതിന് നടപടികൾ

34 (997) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖല ഉപയോഗപ്പെടുത്തി വില നിലവാരം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ :

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഉത്സവകാലങ്ങളിൽ ഫെഡറേഷന്റെ സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 15% മുതൽ 70% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിലൂടെ ഉപഭോക്താക്കൾക്ക് 367.32 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം ലഭിക്കുകയുണ്ടായിട്ടുണ്ട്. കൂടാതെ, കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെ ഫെഡറേഷന്റെ വ്യാപാര നിയന്ത്രണത്തിൽ ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ വില്പന നടത്തിയതുവഴിയും വില നിലവാരം നിയന്ത്രിക്കാൻ സാധിച്ചു. ത്രിവേണി സ്റ്റോറുകളിലൂടെ ഇക്കാലയളവിൽ 700 കോടിയോളം രൂപയുടെ വിൽപ്പന നടത്തി പൊതു വിപണിയേക്കാൾ 15% മുതൽ 25% വരെ വിലക്കുറവിലാണ് ഈ വിൽപ്പന എന്നതിനാൽ 150 കോടിയോളം രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 2006 ഓണം മുതൽ 2010 ക്രിസ്തുമസ് വരെ 367.32 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം ഉത്സവകാല വിപണികളിലൂടെയും 150 കോടിയോളം രൂപയുടെ ആനുകൂല്യം ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 82 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം കൺസ്യൂമർ ഫെഡറേഷന് സർക്കാരിൽ നിന്ന് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly